ജൂനിയർ ടെക്നിക്കൽ സ്കൂളുകളോടനുബന്ധിച്ച് പ്രസ്തുത കോഴ്സിന്റെ ടെർമിനലായി ഒരു ദ്വിവത്സര കോഴ്സ് അല്ലെങ്കിൽ ഒരുവർഷ കോഴ്സ് ഏർപ്പെടുത്തുവാനുള്ള നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്):

കേരളത്തിലുള്ള 18 ജൂനിയർ ടെക്നിക്കൽ സ്കൂളുകളിൽ പത്താം ക്ലാസ് കഴിഞ്ഞവർക്ക് വൊക്കേഷണൽ ദ്വിവത്സര കോഴ്സുകൾ നടത്തുന്നുണ്ട്. ഇതു ടെർമിനൽ കോഴ്സായി വിഭാവനം ചെയ്തിട്ടുള്ളതാണെങ്കിലും, തുടർന്ന് പഠിക്കുവാൻ ആഗ്രഹമുള്ളവർക്ക് അതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

പത്താം ക്ലാസ് കഴിഞ്ഞവർക്കുവേണ്ടി ചില ജൂനിയർ ടെക്നിക്കൽ സ്കൂളുകളിൽ നടത്തിവരുന്ന ഒരു വർഷ വൊക്കേഷണൽ കോഴ്സുകൾ, ദ്വിവത്സര കോഴ്സുകൾ തുടങ്ങിയതിനെത്തുടർന്ന് നിറുത്തിയിട്ടുണ്ട്. എങ്കിലും ജോലി സാദ്ധ്യത വളരെ മെച്ചമാണെന്നു കരുതുന്ന മൂന്നു കോഴ്സുകൾ നിർത്തലാക്കിയിട്ടില്ല.

1984–85–ൽ വാങ്ങിയ ടാർ

* 181 [227] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1984–85 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ ആവശ്യത്തിന് എത്ര ടൺ ടാർ വാങ്ങിയിട്ടുണ്ട്;

(ബി) 1985–86 സാമ്പത്തികവർഷത്തിൽ എത്ര ടൺ ടാർ വേണ്ടിവരുമെന്നാണ് ഏകദേശം കണക്കാക്കിയിട്ടുള്ളത്;

(സി) നമ്മുടെ സംസ്ഥാനത്തിന്റെ ആവശ്യത്തിന് വേണ്ട ടാർ ആവശ്യപ്പെടുന്ന സമയത്തുതന്നെ കൃത്യമായി ലഭിക്കാറുണ്ടോ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ):

(എ) ബാരലുകളിലാക്കിയ 30289.003 ടണ്ണും ബാരലുകളില്ലാതെ 1201.108 ടണ്ണുമായി മൊത്തം 31490.111 ടൺ ടാർ 1984–85 സാമ്പത്തിക വർഷത്തിൽ വാങ്ങിയിട്ടുണ്ട്.

(ബി) ഉദ്ദേശം 50,000 ടൺ വേണ്ടിവരുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ ആവശ്യത്തിനുള്ള ടാർ ഏറെക്കുറെ കൃത്യസമയത്ത് തന്നെ ലഭിക്കുന്നുണ്ട്.

വ്യാജ ടി.സി.എച്ച്. സർട്ടിഫിക്കറിന്റെ പേരിൽ സസ്പെൻറു ചെയ്യപ്പെട്ട അദ്ധ്യാപകരുടെ ഒഴിവുകൾ

* 182 [228] ശ്രീ. എ.വി. അബ്ദു റഹിമാൻ ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly